# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1530** **06-03-2020-ൽ**
മറുപടി നൽകേണ്ടത്

## സി-ആപ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം ഉത്തരം

**ശ്രീ. വി. കെ. പ്രശാന്ത്** : **ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിൻകീഴിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ ഭാവിവികസനത്തിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) യും (ബി) യും | ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ ഭാവിവികസനത്തിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ പ്രിന്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലോട്ടറി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള ലോൺ അടിസ്ഥാനത്തിലുള്ള 20 കോടി രൂപയുടെ ധനസഹായം ഉപയോഗപ്പെടുത്തി ഒരു ഫോർ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീനും, ഓൺലൈൻ നമ്പറിംഗ് സിസ്റ്റവും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ, സി-ആപ്റ്റ് ഹെഡ് ഓഫീസ് കോംപ്ലക്സിന്റെ വികസനത്തിന്റെ |
| (ബി) | സി-ആപ്റ്റിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഭാഗമായി ലിഫ്റ്റ് സംവിധാന ത്തോടുകൂടിയുള്ള രണ്ട് നില കെട്ടിട ത്തിന്റെ നിർമ്മാണവും പുരോഗമിച്ചു വരുന്നു. ഇതിനുപുറമേ, ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി ഒരു ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപി ക്കുന്നതിനും, ഹെഡ് ഓഫീസ് കോംപ്ലക്സിൽ വനിതകൾക്കായി ഒരു ബൈൻഡറി യൂണിറ്റ് സ്ഥാപി ക്കുന്നതിനും പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ ട്രെയിനിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| **(സി)** | സി-ആപ്റ്റിനെ വൈവിദ്ധ്യവത്കരി ക്കുന്നതിനും കൂടുതൽ തൊഴിലവസര ങ്ങൾ ലഭ്യമാക്കുന്നതിനും സഹായ കമായ നിലയിൽ സബ് സെന്ററുകൾ തുടങ്ങുന്നതിനുള്ള സാധ്യത പരിശോ ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | **(സി)** | തിരുവനന്തപുരത്തെ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെ 9 ഉപകേന്ദ്ര ങ്ങളാണ് സി-ആപ്റ്റിന് കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഉപകേന്ദ്രങ്ങളെല്ലാം തന്നെ ഭീമ മായ നഷ്ടത്തിലും സാമ്പത്തിക ബാധ്യതയിലുമാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെന്നതിനാൽ പുതിയ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലില്ല. ആയതിനാൽ, നിലവിലുള്ള ഉപകേന്ദ്രങ്ങൾ മെച്ച പ്പെടുത്തുന്നതിനുള്ള പ്രവർത്തന ങ്ങൾക്ക് മുൻതൂക്കം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**